നമ്പർ: WCD-E5/1/2022

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
തീയതി : 14/06/2022

## പരിപത്രം

വിഷയം- വനിത ശിശുവികസന വകുപ്പ്- ജീവനക്കാര്യം-ഫയലുകൾ തീർപ്പാക്കൽ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ- ബഹു. മുഖ്യമന്ത്രി സംസ്ഥാനത്തെ എല്ലാ ജീവനക്കാരെയും അഭിസംബോധന ചെയ്യുന്നത്- വകുപ്പിലെ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നത്- സംബന്ധിച്ച്:-

സൂചന - 1. 04.06.2022 ലെ സ.ഉ(കൈ) 11/2022/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 13.06.2022 തീയതിയിലെ 294/എസ്.സി1/2022/പൊ.ഭ.വ(എസ്.സി) നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി ജൂൺ 15 മുതൽ സെപ്റ്റംബർ 30 വരെ നീണ്ടുനിൽക്കുന്ന ഒരു തീവ്രയജ്ഞ പരിപാടി സൂചന (1) പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

ഇതിന്റെ ഭാഗമായി 15.06.2022 തീയതി രാവിലെ 10.30 മണിക്ക് ബഹു.മുഖ്യമന്ത്രി വിവിധ ദൃശ്യമാധ്യമങ്ങളും സമൂഹ മാധ്യമങ്ങളും മുഖേന (മുഖ്യമന്ത്രിയുടെ യു ട്യൂബ് ചാനൽ, ഫെയ്സ് ബുക്ക്, വിക്ടേഴ്സ് ചാനൽ തുടങ്ങിയവ) സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാരെയും അഭിസംബോധന ചെയ്തുകൊണ്ട് തീവ്രയജ്ഞ പരിപാടി ഉദ്ഘാടനം ചെയ്യുന്നതാണെന്നും പ്രസ്തുത ഉദ്ഘാടന പരിപാടിയിൽ സംസ്ഥാനത്തെ എല്ലാ ജീവനക്കാരുടെയും പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണെന്നും സൂചന (2) സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വകുപ്പിലെ എല്ലാ ജീവനക്കാരും 15.06.2022 തീയതി രാവിലെ 10.30 മണിക്ക് തീവ്രയജ്ഞ പരിപാടിയുടെ ഓൺലൈൻ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കേണ്ടതും ഉദ്ഘാടനത്തിനു ശേഷം ഓരോ ഓഫീസിലും തീവ്രയജ്ഞ പരിപാടി നടപ്പിലാക്കി ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കാവശ്യമായ നടപടികൾ ചർച്ച ചെയ്ത് തയ്യാറാക്കേണ്ടതും ആയത് ജീവനക്കാരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടതുമാണ്.

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി

എല്ലാ ജീവനക്കാർക്കും

പകർപ്പ് :-

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.
2. സൂപ്രണ്ട്. ഐ.റ്റി സെൽ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
3. സ്റ്റോക്ക് ഫയൽ/ സ്പെയർ